(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) ഇതു മാറ്റിയെടുക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഈ സ്കീമിന് ആവശ്യമായ പൈപ്പ് ലഭ്യമാക്കിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 3/2001-ൽ

(ബി) 50% പണി പൂർത്തിയായി.

(സി&ഡി) തടസ്സമൊന്നും ഇല്ല. അൽപ്പം കാലതാമസമുണ്ടായിട്ടുണ്ട്. ഈ സ്കീമിനായി പേരൂരിൽ നിർമ്മിക്കേണ്ട ഫിൽറ്റർ യൂണിറ്റിന് 38 ലക്ഷം രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകാരം നൽകിയതിനുശേഷം പണി കരാറുകാരനെ ഏൽപ്പിക്കുന്നതാണ്. പേരൂരിൽ നിന്നും തലപ്പാടിക്കുള്ള ഗ്രാവിറ്റി മെയിനിൽ മണാർക്കാട് കവലയിലുള്ള ഇന്റർ കണക്ഷൻ പണികൾ നടത്തുവാൻ വിജയപുരം പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കണം. തലപ്പാടിയിലുള്ള സംപും പമ്പു ഹൗസും നിർമ്മിക്കാനുള്ള സ്ഥലം പഞ്ചായത്ത് കഴിഞ്ഞയാഴ്ചയേ കൈമാറിയുള്ളു. ഇതിനുള്ള ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ വെണ്ണിമലയിലുള്ള സംഭരണിയും പമ്പ് ഹൗസ് നിർമ്മിക്കുവാനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

(ഇ) ഫിൽറ്റർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ അതോറിറ്റിയുടെ അംഗീകാരത്തിനുശേഷം പണി കരാറുകാരനെ ഏൽപ്പിച്ച് ആരംഭിക്കുന്നതാണ്. പഞ്ചായത്ത് അംഗീകാരത്തിനും സ്ഥലം വിട്ടുകിട്ടുന്നതിനുമായി നിരന്തരം ശ്രമം നടത്തുന്നുണ്ട്.

(എഫ്) മുഴുവൻ ലഭിച്ചിട്ടില്ല.

(ജി) സ്കീമിന് ആവശ്യമായ പൈപ്പുകൾ വാങ്ങുന്നതിനുള്ള ദർഘാസുകൾ പരിശോധനയിലാണ്.

വെമ്പായത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി

119 (871) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ വെമ്പായം പഞ്ചായത്തിന്റെ പ്രശാന്ത്നഗർ-പറമലക്കുന്ന്, വേറ്റിനാട് ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നത് പൈപ്പുലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. പ്രസ്തുത പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

അയർക്കുന്നം കൂരോക്കട, പാമ്പാടി, മീനടം ശുദ്ധജലവിതരണ പദ്ധതി

120 (873) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർക്കുന്നം കൂരോക്കട, പാമ്പാടി, മീനടം എന്നീ നാലു പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി എന്നാണ് ആരംഭിച്ചത് എന്നും എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) ഇനി പൂർത്തിയാക്കാൻ ഉള്ള പദ്ധതികൾ ഏതെല്ലാം ;

(സി) ഈ പദ്ധതികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് ഈ സ്കീം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ശുദ്ധീകരിക്കാത്ത വെള്ളം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(എഫ്) എങ്കിൽ എപ്പോൾ ഈ ആവശ്യം നിറവേറ്റികൊടുക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1984-ൽ ആരംഭിച്ചു. 3/2002-ൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 40 ലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, പമ്പിംഗ് മെയിനുകളുടെ കൂട്ടിയോജിപ്പിക്കൽ, പമ്പുസെറ്റുകൾ സ്ഥാപിക്കുക, ജലവിതരണ ശൃംഖലയുടെ ബാക്കിയുള്ള 25 ശതമാനം പണികൾ എന്നിവയാണ് ഇനി പൂർത്തിയാക്കാനുള്ള പണികൾ.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാർച്ച് 2002-ൽ

LIBRARY ARCHIVES Kerala Legislative Assembly